# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4321 — 17/05/2017-ൽ മറുപടിക്ക്

## എച്ച്.ഐ.വി. രോഗപ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ.ജെ. മാക്സി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്തെ എച്ച്.ഐ.വി-എയ്ഡ്സ് രോഗബാധിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | എ) | ഉണ്ട്. സംസ്ഥാനത്ത് 2017 ജനുവരി വരെ 29,444 ആളുകൾക്ക് എച്ച്.ഐ.വി അണുബാധയുണ്ടെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. |
| ബി) | ഇവർക്കായി എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് നൽകി വരുന്നത്; | ബി) | എച്ച്.ഐ.വി അണുബാധിതർക്കാവശ്യമായ ആന്റി റിട്രോവൈറൽ ചികിത്സ സംസ്ഥാനത്ത് നിലവിലുള്ള ഉഷസ്സ് കേന്ദ്രങ്ങളിലൂടെ (എ.ആർ.ടി സെന്റർ) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ സഹായത്തോടെ സൗജന്യമായി നൽകിവരുന്നു. കേരളത്തിൽ 10 ചികിത്സാ കേന്ദ്രങ്ങളാണുള്ളത്. സർക്കാർ മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ജനറൽ ആശുപത്രി എറണാകുളം/കാസർഗോഡ്, ജില്ലാ ആശുപത്രികളായ കൊല്ലം, പാലക്കാട് & കണ്ണൂർ എന്നിവിടങ്ങളിൽകൂടിയാണ് ചികിത്സ ലഭ്യമാക്കുന്നത്. എച്ച്.ഐ.വി അണുബാധമൂലം എയ്ഡ്സ് എന്ന രോഗാവസ്ഥയിലെത്തിയ-വർക്കാണ് എ.ആർ.ടി ചികിത്സ നൽകി വരുന്നത്. കൂടാതെ ഇവർക്ക് വരാൻ സാധ്യതയുള്ള അവസരജന്യരോഗങ്ങളായ ക്ഷയം, ന്യൂമോണിയ, വിവിധ തരത്തിലുള്ള വായിലും തൊണ്ടയിലുമുള്ള പൂപ്പൽ രോഗങ്ങൾ. ശരീരത്തിലെ ഗ്രന്ഥികളുടെ വീക്കം തുടങ്ങിയവയ്ക്കുള്ള ചികിത്സയും സൗജന്യമായി നൽകിവരുന്നു. എ.ആർ.ടി. സെന്റർ ഇല്ലാത്ത ജില്ലകളിൽ എച്ച്.ഐ.വി അണുബാധിതർക്ക് എ.ആർ.ടി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള 13 ഉപകേന്ദ്രങ്ങളും (Link ART Centre) പ്രവർത്തിച്ച് വരുന്നു. ഈ ചികിത്സയ്ക്ക് മുന്നോടിയായിട്ടുള്ള കൗൺസിലിങ്ങും ലഭ്യമാക്കുന്നതോടൊപ്പം ശരിയായ ജീവിതചര്യകളിലൂടെയും ആവശ്യമായ ചികിത്സയിലൂടെയും എയ്ഡ്സ് ബാധിത-രാകാതെ സാധാരണ ജീവിതം നയിക്കുവാനും അവർ ദീർഘകാലം ജീവിക്കാനും സാധ്യമാകുന്നു. ഈ സാഹചര്യത്തിലാണ് ഈ ചികിത്സാ രീതികളുടെ പ്രാധാന്യം ഏറുന്നത്. |
| സി) | എച്ച്.ഐ.വി. രോഗവ്യാപനം തടയുന്നതിനും എയ്ഡ്സ് രോഗപ്രതിരോധമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിനും കേരള സംസ്ഥാന | സി) | i) എച്ച്.ഐ.വി രോഗവ്യാപനം തടയുന്ന-തിനായി എച്ച്.ഐ.വി പിടിപെടാൻ സാധ്യത കൂടുതലുള്ള ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗരതിക്കാരായ പുരുഷന്മാർ. മയക്കുമരുന്ന് കുത്തിവച്ച് ഉപയോഗിക്കുന്നവർ, ഭിന്നലിംഗക്കാർ. ഇതരസംസ്ഥാന തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ |

| | | | |
|---|---|---|---|
| | എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; | | എന്നിവരെ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ ബോധവൽക്കരണ പരിപാടികൾ, എച്ച്.ഐ.വി,.പരിശോധന, ഗർഭ-നിരോധന ഉറകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ 'സുരക്ഷ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.<br>ii) ലൈംഗീക രോഗമുള്ളവർക്ക് എച്ച്.ഐ.വി പിടിപെടാൻ സാധ്യത കൂടുതൽ ആയതിനാൽ ലൈംഗിക രോഗപരിശോധനയും കൗൺസിലിംഗും ചികിത്സയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി-യുടെ 'പുലരി' (STI) കേന്ദ്രങ്ങളിൽക്കൂടി സൗജന്യമായി നടപ്പിലാക്കുന്നു.<br>iii) എച്ച്.ഐ.വി. പരിശോധനയും കൗൺസിലിംഗും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങളിൽ കൂടി സൗജന്യ-മായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി പ്രതിരോധത്തിനും, അണുബാധിതരായ അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള അണുവ്യാപനം തടയുന്നതിനും ജ്യോതിസ് കേന്ദ്രങ്ങളിലെ കൗൺസിലിംഗ് സെക്ഷനുകളിൽ ഊന്നൽ നൽകുന്നു.<br>iv) രക്തസന്നിവേശത്തിലൂടെയുള്ള എച്ച്.ഐ.വി വ്യാപനം തടയുന്നതിനായി സ്വമേധയും തുടർച്ചയായുമുള്ള സന്നദ്ധരക്തദാനം പ്രോത്സാഹിപ്പി-ക്കുകയും, രക്തസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ രക്തബാങ്കുകൾ മുഖേന സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| ഡി) | എച്ച്.ഐ.വി. രോഗബാധി-തർ സമൂഹത്തിൽ നേരി-ടുന്ന പ്രശ്നങ്ങൾ പരിഹരി-ക്കുന്നതിനും ഈ രോഗം സംബന്ധിച്ച് ഫലപ്രദമായ ബോധവത്ക്കരണ പരി-പാടികൾ സംഘടിപ്പിക്കുന്ന-തിനും എന്തെല്ലാം നടപടി-കൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | എച്ച്.ഐ.വി പ്രതിരോധത്തിനും എച്ച്.ഐ.വി ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കു-ന്നതിനുമായി ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ. ബസ്സ് ബ്രാൻഡിംഗ്. ചുവരെഴുത്തുകൾ. ഹോർഡിംങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധ വൽക്കരണ പ്രവർത്തനങ്ങളും, വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വി-യെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.<br>തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്ന-തിനുള്ള പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. എച്ച്.ഐ.വി അണുബാധിതരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുന്ന-തിനുമായി വിവിധ വകുപ്പുകൾ/സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രതിമാസ ധനസഹായ പദ്ധതി, പോഷകാഹാര വിതരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇതു കൂടാതെ എല്ലാ എച്ച്.ഐ.വി ബാധിത കുടുംബങ്ങളെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആർ.എസ്.ബി.വൈ, സ്നേഹപൂർവ്വം - വിദ്യാഭ്യാസ ധനസഹായ പദ്ധതി എന്നിവയിലും അണുബാധിതരെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ